# പതിനാലാം കേരള നിയമസഭ
## (അഞ്ചാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:2143** **05.05.2017-ൽ മറുപടിയ്ക്ക്**

### ഫിഷറീസ് ടെക്നിക്കൽ ഹൈസ്കൂളുകൾ

| ചോദ്യം<br>ശ്രീ.കെ. ദാസൻ | മറുപടി<br>ശ്രീമതി. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
|---|---|
| എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ഫിഷറീസ് ടെക്നിക്കൽ ഹൈസ്കൂളുകളിൽ റസിഡൻഷ്യൽ സംവിധാനമായതിനാൽ ഇന്നത്തെ സാഹചര്യത്തിൽ രക്ഷിതാക്കൾക്ക് കുട്ടികളെ അയക്കുന്നതിൽ താൽപ്പര്യക്കുറവുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) ഉണ്ട്. |
| ബി) ഫിഷറീസ് ടെക്നിക്കൽ ഹൈസ്കൂളുകളിൽ അടിസ്ഥാന സൗകര്യ വികസനത്തോടൊപ്പം, നിലവിൽ തുടരുന്ന രീതിയോടൊപ്പം ഡേ സ്കോളേഴ്സ് എന്ന നിലയിൽ, പൊതുവിദ്യാലയങ്ങളിൽ നിലവിലെ രീതിപോലെ വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകുന്ന കാര്യം പരിഗണിക്കുമോ; നടപടി സ്വീകരിക്കുമോ? | ബി) ഫിഷറീസ് സ്കൂളുകളിൽ 50% അധികരിക്കാത്ത രീതിയിൽ ഡേ സ്കോളേഴ്സിന് കൂടി പ്രവേശനം നൽകാൻ അനുമതി നൽകിയിട്ടുണ്ട്. വരുന്ന അദ്ധ്യയന വർഷം മുതൽ ആയത് നടപ്പിലാക്കുന്നതിനുള്ള നടപടികൾ വകുപ്പ് സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ആഫീസർ